**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6722** **21-03-2023 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് തിരുത്തലുകൾക്കുള്ള നടപടിക്രമങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സെക്കണ്ടറി സ്കൂൾ ലീവിങ് സർട്ടിഫിക്കറ്റിലെ (എസ്.എസ്.എൽ.സി.) തെറ്റുകൾ തിരുത്തി കിട്ടുന്നതിനായി നിശ്ചിത അപേക്ഷ ഫോം പൂരിപ്പിച്ച് അതോടൊപ്പം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ അസ്സലും അപേക്ഷകന്റെ ജനന സർട്ടിഫിക്കറ്റ്, ആധാർ കാർഡ് തുടങ്ങിയ രേഖകളുടെ അസ്സലും മൂന്നുവീതം പകർപ്പുകളും സഹിതം ബന്ധപ്പെട്ട സ്കൂളുകളിൽ സമർപ്പിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്തെ സെക്കണ്ടറി സ്കൂൾ ലീവിങ് സർട്ടിഫിക്കറ്റിലെ (എസ്.എസ്.എൽ.സി) തെറ്റുകൾ തിരുത്തി കിട്ടുന്നതിനായി നിശ്ചിത അപേക്ഷ ഫോം പൂരിപ്പിച്ച് അതോടൊപ്പം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ അസ്സൽ, ജനന സർട്ടിഫിക്കറ്റിന്റെ അസ്സലും പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയ മൂന്ന് പകർപ്പുകളും, അഡ്മിഷൻ രജിസ്റ്ററിന്റെ പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (എച്ച്.എസ്/യു.പി/എൽ.പി) ഒന്നാം ക്ലാസ് പ്രവേശന സമയത്ത് എഴുതി കൊടുത്തിട്ടുള്ള (Application form for Admission) അപേക്ഷയുടെ അസ്സൽ തുടങ്ങിയ രേഖകൾ, പത്താം ക്ലാസിൽ വിദ്യാർത്ഥി പഠിച്ച സ്കൂൾ മുഖാന്തിരം പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ആധാർ കാർഡിന്റെ അസ്സൽ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് തിരുത്തലുകൾക്കായി സമർപ്പിക്കേണ്ടതില്ല.** |
| (ബി) | സ്കൂൾ അധികാരികൾ ആവശ്യമായ പരിശോധന നടത്തി പരീക്ഷ ഭവനിലേക്കയക്കുകയും ജനന സർട്ടിഫിക്കറ്റിലെ വിവരങ്ങളുടെ കൃത്യത പരിശോധിച്ച് ഉറപ്പിക്കുന്നതിനായി ജനന സർട്ടിഫിക്കറ്റ് പരീക്ഷ ഭവനിൽ നിന്നും ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയുടെ ഓഫീസിലേക്ക് അയക്കുന്നതുമാണോ നിലവിലെ സമ്പ്രദായം എന്ന് വ്യക്തമാക്കുമോ; | (ബി) | ഓൺലൈൻ ആയി ലഭിക്കുന്ന ജനന സർട്ടിഫിക്കറ്റുകൾ അവയുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി സേവന പോർട്ടലിൽ പരിശോധിക്കുന്നതാണ്. സേവന പോർട്ടലിൽ കൃത്യത ലഭ്യമാകാത്ത സർട്ടിഫിക്കറ്റുകൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയുടെ ഓഫീസിലേക്ക് അയച്ച് ടി ഓഫീസിൽ നിന്നും ലഭ്യമാകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നു. |
| (സി) | തിരുത്ത് ആവശ്യമായ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ ഉടമയുടെ തിരിച്ചറിയലിന് ആധാരമായ രേഖകളുടെ അസ്സൽ ഓഫീസുകളിൽ നിന്നും ഓഫീസുകളിലേക്ക് കൈമാറ്റം | (സി) | എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലെ തിരുത്തലിനായി ലഭിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ തിരുത്തലിന് ശേഷം കൃത്യമായി അപേക്ഷകന് തിരികെ നൽകാറുണ്ട്. നിലവിലെ |

| | | | |
|---|---|---|---|
| | ചെയ്യപ്പെടുന്നതിനിടയിൽ അവ നഷ്ടപ്പെടാനുള്ള സാധ്യതയുള്ളതിനാൽ അസ്സൽ രേഖകളുടെ നോട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിച്ചാൽ മതിയാകുമെന്ന തീരുമാനം ഉണ്ടാകുന്നതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | നിയമമനുസരിച്ച് അസ്സൽ രേഖകളുടെ നോട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സ്വീകാര്യമല്ല. |

സെക്ഷൻ ഓഫീസർ